## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2284 9/12/2014-ൽ മറുപടിക്ക്

# പോത്തൻകോട് -കാട്ടാക്കട ഹൈടെൻഷൻ ലൈൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.വാഹീദ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി പ്രസരണ ശേഷി മെച്ചപ്പെടുത്തുന്നതിനായി സ്ഥാപിച്ചതും, 2010-ൽ പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതുമായ പോത്തൻകോട്-കാട്ടാക്കട ഹൈടെൻഷൻ ലൈനിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; | (എ) അവശേഷിക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.<br>1. 6 ടവറുകളുടെ അടിത്തറ നിർമ്മാണം.<br>2. 37 ടവറുകൾ സ്ഥാപിക്കൽ.<br>3. 28.5 കിലോമീറ്റർ ലൈൻ വലിക്കലും അനുബന്ധ ജോലികളും. |
| (ബി) ഈ പദ്ധതിയിൽ ആകെ എത്ര ടവറുകളാണ് സ്ഥാപിക്കുന്നത്; അതിൽ എത്രയെണ്ണം പൂർത്തിയായി; ബാക്കിയുള്ള ടവറുകളുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) ആകെ സ്ഥാപിക്കേണ്ട 108 ടവറുകളിൽ 71 ടവറുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി ടവറുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br>ലൈൻ സംബന്ധിച്ച് നിലനിന്നിരുന്ന കോടതി വ്യവഹാരങ്ങൾ, സ്ഥല ഉടമകളുടെ എതിർപ്പുകൾ മൂലം നിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ അതത് സ്ഥലങ്ങളിൽ എത്തിക്കുവാനുള്ള തടസ്സം, കരാറുകാരന്റെ സാമ്പത്തിക പരാധീനത മുതലായവ ഈ ജോലിയുടെ പുരോഗതിയ്ക്ക് തടസ്സമുണ്ടാക്കിയിട്ടുണ്ട്. |
| (സി) 2015 മാർച്ച് മാസത്തിന് മുമ്പ് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) 2015 മാർച്ച് മാസത്തിന് മുമ്പ് പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ